**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
**HAJ HOUSE, CALICUT AIRPORT P.O.**
**MALAPPURAM Dist., KERALA - 673 647.**

**Phone: 0483-2710717, 0483-2717572**
**Website: keralahajcommittee.org**
**E-mail: keralahajcommittee@gmail.com**
**Mob: 8281 707 785**

==========================================================================

File NO: KSHC/87/2026-H2 Dated:04-04-2026

# ടെൻഡർ നോട്ടീസ്-3 (കൊച്ചിൻ എംബാർക്കേഷൻ)

വിഷയം : കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി – ഹജ്ജ് ക്യാമ്പ് 2026 – കൊച്ചിൻ എംബാർക്കേഷൻ പോയിന്റിലെ ഹജ്ജ് ക്യാമ്പിൽ ഹാജിമാർക്ക് ഭക്ഷണം പാചകം ചെയ്ത് വിതരണം ചെയ്യുന്നതിനായി മത്സരസ്വഭാവമുള്ള ടെൻഡർ ക്ഷണിക്കുന്നത് സംബന്ധിച്ച്:-

കൊച്ചിൻ എംബാർക്കേഷൻ പോയിന്റിൽ 2026 മെയ് മാസത്തിൽ നടക്കുന്ന ഹജ്ജ് ക്യാമ്പിനോട് അനുബന്ധിച്ച് ഹജ്ജ് കമ്മിറ്റി നിർദേശിക്കുന്ന ഭക്ഷണക്രമം അനുസരിച്ച് ആവശ്യമായ ഭക്ഷണ സാധനങ്ങൾ വാങ്ങി പാചകം ചെയ്ത് വിതരണം ചെയ്യുന്നതിനായി യോഗ്യരായ കാറ്ററിംഗ് സർവീസുകൾ/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിക്കുന്നു.

ഇതോടൊപ്പം നൽകിയിരിക്കുന്ന മെനുവിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭക്ഷണ സാധനങ്ങൾ തയ്യാറാക്കുന്നതിനായി യൂണിറ്റ് അടിസ്ഥാനത്തിൽ (ആളൊന്നിന് ഒരു ദിവസം) നിരക്ക് രേഖപ്പെടുത്തി ടെൻഡർ സമർപ്പിക്കേണ്ടതാണ്.

ടെൻഡർ അംഗീകരിക്കപ്പെടുന്ന പക്ഷം ആകെ തുകയിൽ നിന്നും നിയമാനുസൃതമായ ടി.ഡി.എസ് (Income Tax) ഈടാക്കുന്നതാണ് ജി.എസ്.ടി ബില്ലുകൾ നിർബന്ധമായും സമർപ്പിക്കേണ്ടതുമാണ്.

**<u>ടെൻഡർ സമർപ്പിക്കൽ</u>**

സീൽ ചെയ്ത ടെൻഡറുകൾ (Letter Pad ഉൾപ്പെടെ) താഴെപ്പറയുന്ന വിലാസത്തിൽ 10-04-2026 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്.

ടെൻഡറുകൾ 10-04-2026 വൈകുന്നേരം 4.00 മണിക്ക് തുറക്കുന്നതായിരിക്കും.

**<u>വിലാസം</u>**

എക്സിക്യൂട്ടീവ് ഓഫീസർ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി,

ഹജ്ജ് ഹൗസ്, കാലിക്കറ്റ് എയർപോർട്ട് പി.ഒ മലപ്പുറം – 673647

---

ലഭിക്കുന്ന ടെൻഡറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡറിന് കരാർ അനുവദിക്കുന്നതാണ്.

ടെൻഡർ ഫോമുകൾ ഹജ്ജ് കമ്മിറ്റി ഓഫീസിൽ ലഭ്യമാണ്.
EMD, ടെൻഡർ ഫോം ഫീസ് എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

📞 ഫോൺ: 0483-2710717, 2717572

**<u>ഭക്ഷണക്രമം (Menu)</u>**

1. സുബഹ് മുമ്പ് – കട്ടൻ ചായ
2. സുബഹിന് ശേഷം – പാല്ചായ, ബിസ്കറ്റ്
3. നാസ്ത – പുട്ട്, വെള്ളപ്പം, പൊറോട്ട

- കറി: ചെറുപയർ, കടല, ഗ്രീൻപീസ്, വെജിറ്റബിൾ

4. ഉച്ചഭക്ഷണം – വെള്ളച്ചോറ്, മീൻ കറി, മീൻ പൊരിച്ചത്, ഉപ്പേരി, സാമ്പാർ
   - നെയ്ച്ചോറ്, ബീഫ് കറി / ചിക്കൻ ബിരിയാണി
5. വൈകുന്നേരം – പാല്ചായ, പൊരിക്കടി
6. രാത്രി – വെള്ളച്ചോറ്, നെയ്ച്ചോറ്, ചപ്പാത്തി, വെള്ളപ്പം, പൊറോട്ട
   - രണ്ട് കറികൾ, കഞ്ഞി
7. എയർപോർട്ടിൽ ലഗ്ഗേജ് സമർപ്പിക്കുന്നതിന് വരുന്ന ഹജ്ജ് തീർത്ഥാടകർക്ക് പാൽചായ ലഘുകടി

---

**പാചകം & വിതരണം കാലയളവ്**

2026 ഏപ്രിൽ 29 മുതൽ മെയ് 8 വരെ & മെയ് 17 മുതൽ മെയ് 19 വരെ

- പ്രധാന നിബന്ധനകൾ

- പാചകത്തിനുപയോഗിക്കുന്ന മുഴുവൻ ഭക്ഷ്യവും ഭക്ഷ്യേതര സാധനങ്ങളും മികച്ച നിലവാരവും ഗുണമേന്മയുള്ളതുമായിരിക്കണം.
- ഭക്ഷണം ചൂടോടെ വിതരണം ചെയ്യേണ്ടതാണ്.
- പാചകത്തിലും വിതരണത്തിലും തികഞ്ഞ ശുചിത്വം പൂർണ്ണമായും പാലിക്കണം.
- ഭക്ഷണ വിതരണത്തിന് ശേഷം പാത്രങ്ങൾ ചൂടുവെള്ളത്തിൽ കഴുകേണ്ടതാണ്.
- വിതരണം പൂർണ്ണമായും ഹാജി സൗഹൃദപരവും പരാതിരഹിതവും ആയിരിക്കണം. പാചകക്കാരും വിതരണക്കാരും നല്ല വൃത്തിയും ഡ്രസ് കോഡും പെരുമാറ്റവും ക്ഷമയും പുലർത്തുന്നവരായിരിക്കണം.
- ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് ഉണ്ടായിരിക്കണം. കൂടാതെ ആരോഗ്യ വകുപ്പ്/ഫുഡ് സേഫ്റ്റി വകുപ്പ് നിർദേശിക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കണം.
- ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായും പാലിക്കണം.
- പാചക, വിതരണ കേന്ദ്രങ്ങളിലെയും പരിസരങ്ങളിലെയും വേസ്റ്റ് മാനേജ്മെന്റിന് കുറ്റമറ്റ സംവിധാനം ഉണ്ടായിരിക്കണം. ഓരോ ദിവസത്തേയും വേസ്റ്റുകൾ അതത് ദിവസത്തിൽ തന്നെ നീക്കം ചെയ്യേണ്ടതാണ്.
- പുരുഷ ഡൈനിംഗ് ഹാളിൽ പുരുഷ വോളണ്ടിയർമാരുടേയും സ്ത്രീ ഡൈനിംഗ് ഹാളിൽ സ്ത്രീ വോളണ്ടിയർമാരുടേയും സേവനം ഉറപ്പാക്കണം.
- ഓരോ സമയത്തും ഭക്ഷണം കഴിക്കുന്ന ആളുകളുടെ എണ്ണം മുൻകൂട്ടി ഓരോ സെക്ഷനിൽ നിന്നും ശേഖരിക്കുന്ന സംവിധാനം ഉണ്ടായിരിക്കണം, ഭക്ഷണം വേസ്റ്റ് ആകാതിരിക്കാനായി.
- ടോക്കൺ, ബാഡ്ജ്, ഐഡി എന്നിവ കൃത്യമായി പരിശോധിച്ച ശേഷമേ ഡൈനിംഗ് ഹാളിലേക്കുള്ള പ്രവേശനം അനുവദിക്കാവൂ.
- ഓരോ ദിവസത്തേയും ഭക്ഷണ വിതരണ കണക്ക് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കമ്മിറ്റിയെ സമയാസമയം ബോധ്യപ്പെടുത്തേണ്ടതുമാണ്.
- ഹജ്ജ് കമ്മിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും പാചക, വിതരണ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും (Inspection Rights).

- നിബന്ധനകൾ പാലിക്കാത്തത്, ഭക്ഷണ ഗുണമേന്മയിൽ വീഴ്ച, ശുചിത്വക്കുറവ്, പരാതികൾ തുടങ്ങിയവ കണ്ടെത്തുന്ന പക്ഷം കമ്മിറ്റിക്ക് പിഴ (Penalty) ഈടാക്കുന്നതിനും കരാർ റദ്ദാക്കുന്നതിനും (Termination) അധികാരം ഉണ്ടായിരിക്കും.

- അടിയന്തിര സാഹചര്യങ്ങളിൽ അല്ലെങ്കിൽ പ്രധാന അതിഥികൾക്കായി കമ്മിറ്റി നിർദേശിക്കുന്ന ഭക്ഷണം അധികമായി പാചകം ചെയ്ത് വിതരണം ചെയ്യേണ്ടതായിരിക്കും.

- കരാർ ലഭിക്കുന്ന സ്ഥാപനം ആവശ്യമായ Performance Security / Security Deposit സമർപ്പിക്കേണ്ടതാണ്. ഇത് കരാർ നിബന്ധനകൾ പാലിക്കുന്നതിനുള്ള ഉറപ്പായിരിക്കും.

- ടെൻഡർ സ്വീകരിക്കണമോ നിരസിക്കണമോ എന്നതിൽ ഹജ്ജ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

- കരാറുകാരൻ പാചക, വിതരണത്തിനാവശ്യമായ മുഴുവൻ തൊഴിലാളികൾ, ഉപകരണങ്ങൾ, ഗ്യാസ്, വാഹനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ സ്വന്തമായി ഒരുക്കേണ്ടതാണ്.

- ഏതെങ്കിലും അപകടം, ആരോഗ്യ പ്രശ്നം, ഭക്ഷ്യവിഷബാധ എന്നിവ സംഭവിക്കുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനാകും.

- സർക്കാർ നിയമങ്ങൾ, ഫുഡ് സേഫ്റ്റി നിയമങ്ങൾ, ലേബർ നിയമങ്ങൾ എന്നിവ കർശനമായി പാലിക്കേണ്ടതാണ്.

അസിസ്റ്റൻറ് സെക്രട്ടറി
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി

പകർപ്പ്:

- നോട്ടീസ് ബോർഡ്
- കേരള ഹജ്ജ് കമ്മിറ്റി വെബ്സൈറ്റ്